ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 18.12.2025** **TIME : 06.30 PM**

## പ്രധാന

1. വികസിത് ഭാരത് - റോസ്ഗാർ ആജീവിക മിഷൻ ബിൽ ലോക്സഭ പാസാക്കി. ആണവോർജ്ജ വിനിയോഗ ബില്ലിൻമേൽ രാജ്യസഭയിൽ ചർച്ച.
2. കേരളത്തിൽ ദേശീയപാത നിർമാണത്തിലെ അപകടങ്ങൾ ഒഴിവാക്കാൻ പില്ലറുകളിൽ തീർത്ത കോൺക്രീറ്റ് ഉയരപ്പാതകൾ നിർമ്മിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്ഗരി.
3. തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ സമയപരിധി നീട്ടണമെന്ന കേരളത്തിന്റെ ആവശ്യം അനുഭാവപൂർവം പരിഗണിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം.

4. **സംസ്ഥാനത്ത് എസ് ഐ ആർ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽഖർ.**
5. **30 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ സമാപനം. ഓഡിയൻസ് പോൾ നാളെ ഉച്ചവരെ.**
6. **അണ്ടർ -19 ഏഷ്യാ കപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ നാളെ ഇന്ത്യ - ശ്രീലങ്ക പോരാട്ടം.**

❁❁❁❁❁❁❁❁❁❁❁❁❁

**പാർലമെന്റ്**

വികസിത് ഭാരത് - റോസ്ഗാർ ആജീവിക മിഷൻ ബിൽ ലോക്സഭ പാസാക്കി. 20 വർഷം പഴക്കമുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ന് പകരമാണ് ഇത് നിലവിൽ വരുന്നത്. കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ ബില്ലിൻമേലുള്ള ചർച്ചയ്ക്ക് മറുപടി നൽകി. അതെസമയം, ആണവോർജ്ജ വിനിയോഗ ബിൽ രാജ്യസഭ ചർച്ചയ്ക്കെടുത്തു. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗാണ് ബിൽ അവതരിപ്പിച്ചത്. പാർലമെന്റിന്റെ ശീതകാല സമ്മേളനം നാളെ അവസാനിക്കും.

**ദേശീയപാത - നിതിൻ ഗഡ്ഗരി - ഇൻട്രോ**

കേരളത്തിൽ ദേശീയപാത 66 ൽ മണ്ണ് കൊണ്ട് നിർമ്മിച്ചിട്ടുള്ള റിടൈനിംഗ് ഭിത്തിയോടു കൂടിയ ഉയരപ്പാതയ്ക്ക് പകരം പില്ലറുകളിൽ തീർത്ത കോൺക്രീറ്റ് ഉയരപ്പാതകൾ നിർമ്മിക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്ഗരി. ലോക്സഭയിൽ എൻ.കെ.പ്രേമചന്ദ്രൻ എം.പിയുടെ ചോദ്യത്തിന് മറുപടിയായിയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

(കേന്ദ്രമന്ത്രി - വോയിസ്)

പില്ലറിൽ തീർത്ത ഉയരപ്പാത എന്ന നിർദ്ദേശം പൂർണമായി

അംഗീകരിക്കുന്നതായും കേന്ദ്രമന്ത്രി അറിയിക്കുകയായിരുന്നു.

**പ്രധാനമന്ത്രി-ഒമാൻ**

ഒമാന്റെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ഒമാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. മസ്കറ്റിലെ ഇന്ത്യൻ സമൂഹത്തെയും വിദ്യാർത്ഥികളെയും മൈത്രി പർവ് എന്ന പരിപാടിയിൽ

പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. വൈവിധ്യമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ ശക്തിയെന്ന് അദ്ദേഹം പറഞ്ഞു. നേരത്തെ, ഇന്ത്യാ - ഒമാൻ വ്യാപാര ഉച്ചകോടിയേയും ശ്രീ നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. ത്രിരാഷ്ട്ര സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഡൽഹിയിലേക്ക് മടങ്ങി.

❁❁❁❁❁❁❁❁❁❁❁❁❁

**എസ് ഐ ആർ-സുപ്രീംകോടതി**

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ സമയപരിധി നീട്ടണമെന്ന കേരളത്തിന്റെ ആവശ്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം. കേരളം, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് തീരുമാനമെടുക്കാൻ കോടതി നിർദേശം നൽകി.

ഹർജി ജനുവരി 6ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**രത്തൻ യു കേൽക്കർ (ഇൻട്രോ)**

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയാക്കി. എന്യൂമറേഷൻ ഫോമുകളുടെ ശേഖരണം ഇന്ന് അവസാനിച്ചു. കരട് വോട്ടർ പട്ടികയിൽ സ്വന്തം പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽകർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

**(വോയിസ് - കേൽഖർ )**

**പ്രത്യേക തിരഞ്ഞെടുപ്പ്**

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ വാർഡുകളിൽ ജനുവരി 12 ന് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കും. ഈ മാസം 24 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. 26 - നാണ് സൂക്ഷമ പരിശോധന. സ്ഥാനാർത്ഥിത്വം ഡിസംബർ 29 വരെ പിൻവലിക്കാം. വോട്ടെണ്ണൽ ജനുവരി 13 ന് നടക്കും. മലപ്പുറം പായിംപാടം, എറണാകുളം ഓണക്കൂർ, തിരുവ

നന്തപുരം വിഴിഞ്ഞം എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്നത്.

## സത്യപ്രതിജ്ഞ

തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഞായറാഴ്ച നടക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യ പ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുളള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടക്കും.

## കണ്ണൂർ കോർപ്പറേഷൻ മേയർ

കണ്ണൂർ കോർപ്പറേഷൻ മേയറായി- പി.ഇന്ദിരയെ തിരഞ്ഞെടുത്തു. ഇന്ന് ചേർന്ന ഡിസിസി യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. നിലവിൽ ഡെപ്യൂട്ടി മേയറായ പി. ഇന്ദിര

പയ്യാമ്പലം ഡിവിഷനിൽ നിന്ന് 48 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**കോഴിക്കോട് കോർപ്പറേഷൻ**

കോഴിക്കോട് കോർപ്പറേഷൻ LDF മേയർ സ്ഥാനാർത്ഥിയായി ഒ.സദാശിവനും ഡെപ്യൂട്ടി മേയർ സ്ഥാനാർത്ഥിയായി എസ്.ജയശ്രീയും മത്സരിക്കും. LDF ജില്ലാ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചതാണ് ഈ കാര്യം.

❁❁❁❁❁❁❁❁❁❁❁❁❁

**തിരു. നഗരസഭ-ബിജെപി**

തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽനിന്ന് 200 കോടി രൂപ അടിയന്തരമായി പിൻവലിച്ച് സംസ്ഥാന ട്രഷറിയിലേക്ക് അടയ്ക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പ്രതിഷേധാർഹമാണെന്ന് ബിജെപി. ഒരു ഡിവിഷനിൽ കൂടി തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നിരിക്കുന്ന സന്ദർഭത്തിലാണ് സർക്കാരും കോർപ്പറേഷൻ ഉദ്യോഗസ്ഥരും ചേർന്ന് പണം മാറ്റാൻ ശ്രമിക്കുന്നതെന്ന്

ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എസ്. സുരേഷ് ആരോപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**വി ശിവൻകുട്ടി-ന്യൂനപക്ഷദിനം**

ന്യൂനപക്ഷങ്ങളുടെ സുരക്ഷയാണ് ജനാധിപത്യ രാജ്യത്തിന്റെ യഥാർത്ഥ കരുത്തെന്ന് മന്ത്രി വി. ശിവൻകുട്ടി. ന്യൂനപക്ഷ അവകാശ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കാനുമാണ് സർക്കാരിന്റെ ശ്രമമെന്നും ശ്രീ വി. ശിവൻകുട്ടി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ലേബർകോൺക്ലേവ് - മുഖ്യമന്ത്രി**

സംസ്ഥാന സർക്കാരിന്റെ 'ലേബർ കോൺക്ലേവ് 2025' ന് നാളെ തിരുവനന്തപുരത്ത് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് കോൺക്ലേവ് ചർച്ച ചെയ്യും.

സുപ്രീം കോടതി മുൻ ജഡ്ജിമാർ, അഡ്വക്കറ്റ് ജനറൽ, ദേശീയ-സംസ്ഥാന ട്രേഡ് യൂണിയൻ നേതാക്കൾ, നിയമവിദഗ്ധർ, എന്നിവർ ചർച്ചകളിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**റോസ്ഗാർ ആജീവിക മിഷൻ (ഇൻട്രോ)**

ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് 125 ദിവസത്തെ തൊഴിലുറപ്പാക്കുന്നതിനുള്ള റോസ്ഗാർ ആജീവിക മിഷൻ ബില്ലിലൂടെ വേതനത്തിൽ കുറവ് വരില്ലെന്ന് പ്രതീക്ഷിക്കുന്നതായി കോഴിക്കോട് നിന്നുള്ള തൊഴിലുറപ്പ് തൊഴിലാളി പ്രേമ ആകാശവാണി വാർത്തകളോട് പറഞ്ഞു.

**(ഹോൾഡ്)**

❁❁❁❁❁❁❁❁❁❁❁❁❁

**വീണാജോർജ്ജ്-ആർസിസി**

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ പുതിയ മന്ദിരം ഫെബ്രുവരി ആദ്യവാരത്തോടെ പ്രവർത്തനം ആരംഭിക്കും. ആരോഗ്യ മന്ത്രി വീണാ ജോർജ് നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി. 242.42 കോടി രൂപ ചിലവഴിച്ചാണ് പുതിയ മന്ദിരം നിർമ്മിച്ചിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**ഐ എഫ് എഫ് കെ (ഇൻട്രോ)**

30 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ സമാപനം. തിരുവനന്തപുരം നിശാഗന്ധിയിൽ വൈകിട്ടാണ് സമാപന ചടങ്ങ്.

**വിശദാംശങ്ങളിലേക്ക്....**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ഐ എഫ് എഫ് കെ (വോയിസ്)**

രാജ്യാന്തര ചലച്ചിത്ര മേള സമാപിക്കാൻ ഒരു ദിവസം കൂടി ശേഷിക്കേ പ്രേക്ഷക പ്രീതി നേടിയ നിരവധി ചിത്രങ്ങളാണ് ഇന്ന് പ്രദർശിപ്പിക്കുന്നത്. ജാഫർ പനാഹി സംവിധാനം ചെയ്ത ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ്, അലൻ ജെ. പകുല സംവിധാനം ചെയ്ത, ക്ലാസിക് ചിത്രം ഓൾ ദി പ്രസിഡന്റ്സ് മെൻ,ഗാരിൻ നുഗ്രോഹോ സംവിധാനം ചെയ്ത ഇന്തോനേഷ്യൻ മാസ്റ്റർപീസ് സംസാര എന്നിവ പ്രദർശിപ്പിച്ചു. മലയാളം സിനിമ ടുഡേ വിഭാഗത്തിൽ ശേഷിപ്പ്, അന്യരുടെ ആകാശങ്ങൾ, സമസ്ഥ ലോക, മോഹം,

ശവപ്പെട്ടി, അംബ്രോസിയ, ചാവുകല്യാണം എന്നിവയാണ് പ്രദർശനത്തിനുള്ളത്. മികച്ച ചിത്രത്തിനുള്ള അവാർഡ് നിർണയിക്കാനുള്ള ഓഡിയൻസ് പോളിൽ പ്രേക്ഷകർക്ക് നാളെ ഉച്ചയ്ക്ക് 2 മണിക്ക് വരെ വോട്ട് രേഖപ്പെടുത്താം.

**ന്യൂസ് ഡെസ്ക് ആകാശവാണി**

❁❁❁❁❁❁❁❁❁❁❁❁❁

**അണ്ടർ 19 ഏഷ്യാ കപ്പ്**

അണ്ടർ -19 ഏഷ്യാ കപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ത്യ നാളെ ശ്രീലങ്കയെ നേരിടും. ഇന്ത്യൻ സമയം രാവിലെ 10.30ന് ദുബായിലെ ഐസിസി അക്കാദമി ഗ്രൗണ്ടിലാണ് മത്സരം. രണ്ടാം സെമിയിൽ ബംഗ്ലാദേശും പാക്കിസ്ഥാനും ഏറ്റുമുട്ടും. ഈ മാസം 21-നാണ് ഫൈനൽ.

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ത്യ- ദക്ഷിണാഫ്രിക്ക**

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം നാളെ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കും. ഇന്നലെ നടക്കേണ്ടിയിരുന്ന നാലാം മത്സരം കനത്ത

മൂടൽമഞ്ഞിനെ തുടർന്ന് ഉപേക്ഷിച്ചിരുന്നു. പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**റെയിൽവേ പ്രത്യേക സർവീസ്**

ക്രിസ്മസ് - പുതുവത്സര തിരക്ക് നിയന്ത്രിക്കുന്നതിനായി ഇന്ത്യൻ റെയിൽവേ ഒമ്പത് സോണുകളിലായി 138 ട്രെയിനുകൾ പ്രത്യേക സർവീസ് നടത്തും. ഇവയിൽ 650 ട്രിപ്പുകൾക്ക് റെയിൽവേ അനുമതി നൽകിയിട്ടുണ്ട് .

❁❁❁❁❁❁❁❁❁❁❁❁❁

**മനുഷ്യാവകാശ കമ്മീഷൻ**

വർധിച്ചുവരുന്ന സ്ത്രീധന-ഗാർഹിക പീഡനങ്ങൾ തടയുന്നതിന് പ്രചാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ഇത് സംബന്ധിച്ച് വനിതാ-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കമ്മീഷൻ നിർദ്ദേശം നൽകി. സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹമാണെന്ന ബോർഡ് പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

**റോഡരികിൽ കാർ കത്തി**

പാലക്കാട് മുണ്ടൂർ വേലിക്കാട് റോഡരികിൽ കാർ കത്തി ഒരാൾ മരിച്ചു. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല. റോഡരികിൽ കാർ കത്തുന്നത് കണ്ട നാട്ടുകാരും അഗ്നിരക്ഷാസേനയുമെത്തി തീ അണയ്ക്കുകയായിരുന്നു.

**നിരോധിത പുകയില ഉൽപ്പന്നങ്ങൾ**

ഇടുക്കിയിൽ പച്ചക്കറി വണ്ടിയിൽ ഒളിപ്പിച്ച് കടത്താൻ ശ്രമിച്ച നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി യുവാവ് പിടിയിലായി. കാമാക്ഷി സ്വദേശി ബിനീഷ് ദേവിൽ നിന്ന് 10 ലക്ഷം രൂപയുടെ പുകയില ഉൽപ്പന്നങ്ങളാണ് കണ്ടെത്തിയത്. തമിഴ്നാട്ടിൽ നിന്നും പച്ചക്കറി എത്തിച്ച വാഹനത്തിന്റെ അടിഭാഗത്ത് 31 ചാക്കുകളിലായിട്ടാണ് പുകയില ഉൽപ്പന്നങ്ങൾ സൂക്ഷിച്ചിരുന്നത്.

**ജാഗ്രത പാലിക്കണം**

ക്രിസ്മസ് - പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് വീടുകളിലും മറ്റും വൈദ്യുത നക്ഷത്ര വിളക്കുകളും ദീപാലങ്കാരങ്ങളും ഒരുക്കുമ്പോൾ സുരക്ഷാ നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ. വീടുകളിലെ എർത്തിംഗ് സംവിധാനം കാര്യക്ഷമമാണെന്ന് ഉറപ്പാക്കണം. നക്ഷത്രദീപാലങ്കാരങ്ങളുടെ വയറുകൾ കുട്ടികളുടെ കൈയെത്താത്ത ദൂരത്ത് സ്ഥാപിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നിർദ്ദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല സ്വർണ കവർന്നകേസ്**

ശബരിമല ദ്വാരപാലക ശില്പങ്ങളിലെ സ്വർണം കവർന്നകേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാറിന്റെ റിമാൻഡ് കാലാവധി ഈമാസം 30 വരെ നീട്ടി. ഇതേ കേസിൽ എ. പത്മകുമാറിന്റെയും, ഉണ്ണികൃഷ്ണൻ പോറ്റിയുടെയും ജാമ്യാപേക്ഷയും കൊല്ലം വിജിലൻസ് കോടതി വീണ്ടും 30-ാം തീയതി പരിഗണിക്കാൻ മാറ്റി.